LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള രീതി തുടരണം. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ, സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള റേഷൻ കാർഡും ഡ്രൈവിംഗ് ലൈസൻസും ഫോട്ടോഗ്രാഫർമാരെക്കൂടി ബന്ധപ്പെടുത്തുന്ന രീതിയിലുള്ള നടപടി സ്വീകരിക്കുന്ന കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താം. ഇന്ന് ഏതാണ്ട് ജനസംഖ്യയിൽ കൂടുതലാണ് മൊബൈൽ ഫോണുകൾ. എല്ലാ മൊബൈൽ ഫോണിലും ഫോട്ടോ എടുക്കാം. എല്ലാവരും ആ സൗകര്യം ഉപയോഗിക്കുന്നു. അത് കാലത്തിന്റെ മാറ്റമാണെങ്കിലും അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഈ രംഗത്ത് എക്സ്പെർട്ടായ ആളുകളെ അവഗണിക്കുന്നത് ശരിയല്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ സേവനം ഉപയോഗിക്കുന്ന കാര്യം ഗൗരവമായിത്തന്നെ പരിഗണിക്കുന്നതാണ്. പി.ആർ.ഡി. വകുപ്പ് തീർച്ചയായും ഫോട്ടോഗ്രാഫേഴ്സിനെ ആശ്രയിച്ചുമാത്രമെ മുന്നോട്ട് പോകുകയുള്ളൂ. അതിൽ മറ്റാരെയും ഏർപ്പെടുത്തുകയില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(10) വൈക്കത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തൽ

<u>ശ്രീ. കെ. അജിത്</u> : സർ, വൈക്കം മഹാദേവ ക്ഷേത്രത്തെ ശബരിമല ഇടത്താവളമായി പ്രഖ്യാപിക്കുന്നതോടൊപ്പം അവിടെ അഞ്ച് ലക്ഷത്തിലധികം തീർത്ഥാടകർ ഈ സീസണിൽ എത്തുകയും അതിന്റെ ഫലമായി മാലിന്യങ്ങൾ അവിടെ അടിഞ്ഞുകൂടുകയുമാണ്. അത് നീക്കം ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. ചെങ്ങന്നൂരിലെ മുനിസിപ്പാലിറ്റിക്ക് ഇതുപോലെയുള്ള സാഹചര്യമുണ്ടായപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇരുപത് ലക്ഷം രൂപ അവർക്ക് ഗ്രാന്റായി നൽകിയിരുന്നു. അതിന് സാമാനമായ സാഹചര്യങ്ങളുമായാണ് വൈക്കം മുനിസിപ്പാലിറ്റിയും നിൽക്കുന്നത്. അതുകൊണ്ട് ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്ക് കൊടുക്കുന്നതുപോലുള്ള സാമ്പത്തിക സഹായം വൈക്കം മുനിസിപ്പാലിറ്റിക്കും കൊടുക്കുന്നതോടൊപ്പം ശബരിമല മാസ്റ്റർ പ്ലാനിൽ വൈക്കം ക്ഷേത്രവും ഉൾപ്പെടുത്തണം. വൈക്കം, കടുത്തുരുത്തി, ഏറ്റുമാനൂർ ക്ഷേത്രങ്ങളിൽ കൈകൂപ്പുന്നത് വലിയ പുണ്യമാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്. ലക്ഷക്കണക്കിന് ആളുകളാണ് ഈ ക്ഷേത്രങ്ങളിൽ വരുന്നത്. അതുകൊണ്ട് തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ ബുദ്ധിമുട്ടുമുണ്ട്. ഈ സാഹചര്യം നിലനിർത്തിക്കൊണ്ട് ശബരിമല മാസ്റ്റർ പ്ലാനിൽ വൈക്കം ക്ഷേത്രത്തെ ഉൾപ്പെടുത്തുകയും അവിടെ എത്തുന്ന ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി ഗ്രാന്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് ശിപാർശ ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഈ ഗവൺമെന്റ് ശബരിമലയുടെ വികസന പ്രവർത്തനങ്ങൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടമെന്നുള്ള രീതിയിൽ ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അടുത്ത ഘട്ടമായി എരുമേലി, പന്തളം, ചെങ്ങന്നൂർ എന്നീ പ്രദേശങ്ങളെയും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അമ്പത് വർഷം മുന്നിൽ കണ്ടു കൊണ്ട് ശബരിമലയുമായി ബന്ധപ്പെട്ട് തീർത്ഥാടകർ എത്തിച്ചേരുന്ന എല്ലാ പ്രധാന കേന്ദ്രങ്ങളുടെയും ഇടത്താവളങ്ങളുടെയും വികസനപ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ശബരിമല മാസ്റ്റർപ്ലാൻ. വൈക്കം ക്ഷേത്രം ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമാണ്. ശബരിമല ഇടത്താവളങ്ങളിൽ ചെയ്യുവരുന്നതായ എല്ലാ സൗകര്യങ്ങളും വൈക്കം മഹാദേവ ക്ഷേത്രത്തിലും ഏർപ്പെടുത്തി വരുന്നതായി ബോർഡ് അറിയിച്ചിട്ടുണ്ട്. വിരി വയ്ക്കുന്നതിനുള്ള സൗകര്യം, ടോയ്ലറ്റുകൾ, തീർത്ഥാടകർക്ക് വിശ്രമിക്കാനുള്ള സൗകര്യം, പാർക്കിംഗ് സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ശബരിമല തീർത്ഥാടന കാലത്ത് വൈക്കം മഹാദേവ ക്ഷേത്രത്തിലും ദേവസ്വം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ശബരിമല തീർത്ഥാടന കേന്ദ്രവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാന ക്ഷേത്രങ്ങളിലൊന്നാണ് വൈക്കം മഹാദേവ ക്ഷേത്രം. മാസ്റ്റർ പ്ലാനിലെ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. വൈക്കം, കടുത്തുരുത്തി, ഏറ്റുമാനൂർ ക്ഷേത്രങ്ങളിലെത്തുന്ന ശബരിമല തീർത്ഥാടകർക്ക് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ശബരിമല ഒരു ദേശീയ തീർത്ഥാടന കേന്ദ്രമാക്കുന്നതിനും മാസ്റ്റർ പ്ലാൻ പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനും അധിക സ്ഥലവും സാമ്പത്തിക സഹായവും അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ നേരിൽ കണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രണ്ടായിരത്തോളം കോടി രൂപയുടെ പതിനഞ്ച് പ്രധാന പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ അഞ്ഞൂറ് കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള അഭ്യർത്ഥനയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പ്രോജക്ട് റിപ്പോർട്ട് താമസിയാതെ തന്നെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുന്നതാണ്. വൈക്കം ക്ഷേത്രത്തിന് ഗ്രാന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശബരിമല തീർത്ഥാടന

LIBRARY ARCHIVES Kerala Legislative Assembly

ത്തോടനുബന്ധിച്ച് ശബരിമലയുമായി ബന്ധപ്പെട്ടുള്ള പഞ്ചായത്തുകൾക്കാണ് ഈ ഗവൺമെന്റ് ഗ്രാന്റുകൾ അനുവദിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ഇടത്താവളങ്ങളിൽ ദേവസ്വം ബോർഡുതന്നെ ആവശ്യമായിട്ടുള്ള നടപടികൾ ക്രമീകരിക്കുന്നുണ്ട്. എന്തായാലും ഇവിടത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

(11) പോക്കുവരവ് ചെയ്തു നൽകുന്നതിലെ കാലതാമസം

ശ്രീ. സി. മമ്മൂട്ടി : സർ, കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിന്റെ പോക്കുവരവ് നടത്താത്തതിനെത്തുടർന്ന് സാധാരണക്കാരായ ആളുകൾ കഷ്ടപ്പെടുന്ന വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. വീടു വയ്ക്കാൻവേണ്ടി നാലോ അഞ്ചോ സെന്റ് സ്ഥലം വാങ്ങിക്കഴിഞ്ഞാൽ അതിന്റെ പോക്കുവരവ് നടത്തിക്കിട്ടാത്തതു കൊണ്ട് അവർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാനോ നികുതി അടയ്ക്കാനോ കഴിയുകയില്ല. അതുകൊണ്ട് വീടിന് പ്ലാൻ വരയ്ക്കാനോ കൊടുക്കാനോ വീടു വയ്ക്കാനോ കഴിയുന്നില്ല. ഇങ്ങനെ കഷ്ടപ്പെടുന്ന ഒട്ടേറെ കേസുകൾ തിരൂർ താലൂക്കിൽ പ്രത്യേകിച്ച് റീസർവ്വേ നടന്നിട്ട് ഒൻപതു മാസമായിട്ട് കിട്ടാത്ത വിഷയങ്ങളുണ്ട്. ടി താലൂക്കിൽ റീ-സർവ്വേ നടന്ന വില്ലേജുകളും റീ-സർവ്വേ നടക്കാത്ത വില്ലേജുകളുമുണ്ട്. റീ-സർവ്വേ നടക്കാത്ത വില്ലേജുകളാണ് ഭൂരിപക്ഷവും. റീ-സർവ്വേ പെട്ടെന്ന് നടത്താനുള്ള നടപടി പൂർത്തിയാക്കിയാൽ വളരെ സൗകര്യപ്രദമായിരിക്കും. അങ്ങനെ കൊടുക്കാത്തതു കൊണ്ട് നിസ്സാരമായ പല കാരണങ്ങൾ പറഞ്ഞു മാസങ്ങൾ നീണ്ടുപോകുകയാണ്. ഒരാൾ കൈവശം വച്ച് നികുതിയടച്ചുവരുന്ന ഭൂമിയിൽ നിന്ന് നാലോ അഞ്ചോ സെന്റ് സ്ഥലം ഒരാൾക്ക് വിറ്റാൽ ആ വിറ്റ ഭൂമിക്ക് പോക്കുവരവ് നടത്തിയിട്ടില്ലെങ്കിൽ പിന്നീട് തുടർന്ന് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വീടുൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനം പൂർണ്ണമായി നിന്നിരിക്കുകയാണ്. അടിയന്തരമായി തിരൂർ താലൂക്കിലെ ഇത്തരം വിഷയത്തിൽ ഇടപെട്ട് ഈ മാസം തന്നെ പട്ടയം ലഭിക്കാതെ പെൻഡിംഗിൽ കിടക്കുന്ന സ്ഥലത്തിന് സമയബന്ധിതമായി ഡിസംബർ 31-ന് മുമ്പ് തീർക്കുന്നതിനുവേണ്ടി നിർദ്ദേശം കൊടുക്കണം. ഒപ്പം ഇതുപോലെ റവന്യൂവുമായി ബന്ധപ്പെട്ട ഒരുപാട് വിഷയങ്ങളുണ്ട്. ജനങ്ങളുമായി ബന്ധപ്പെട്ട വിഷയമെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി ഒരു അദാലത്ത് നടത്തിക്കൊണ്ട് എല്ലാ ജില്ലയിലും പോയി പ്രശ്നങ്ങൾ അപ്ഡേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly